ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കു നേരെ 7-ാം കോളത്തിൽ, യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 1987-88 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

നഗരവികസനമെന്ന 22-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പഞ്ചായത്ത് എന്ന 35-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പേരിൽ കാര്യപരിപാടിയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 1987-88 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു

## VII. സ്പീക്കറുടെ റൂളിംഗ്

(1) ഫയൽ പരിശോധനയ്ക്ക് രൂപീകരിച്ച നിയമസഭാകമ്മിറ്റിയുടെ ഘടനയെ സംബന്ധിച്ച്.

(2) സഭ പിരിഞ്ഞ ശേഷം ഹാളിൽ നടന്ന സംഭവം ബുള്ളറ്റിനിൽ ഉൾപ്പെടുത്താത്തത് സംബന്ധിച്ച്.

(3) സന്ദർശക ഗ്യാലറിയിലിരുന്നു കയ്യടിച്ച് ബഹളമുണ്ടാക്കിയതു സംബന്ധിച്ച്.

മി.സ്പീക്കർ: ഇവിടെ കഴിഞ്ഞ ദിവസം ശ്രീ.വയലാർ രവി ഒരു കത്ത് മുഖാന്തിരം സ്പീക്കർ രൂപീകരിച്ച നിയമസഭാ കമ്മിറ്റിയുടെ ഘടനയെ സംബന്ധിച്ച് ചില സംശയങ്ങളുന്നയിക്കുകയുണ്ടായി. അതിനെ സംബന്ധിച്ച് ചെയറിന്റെ റൂളിംഗാണ് ഇപ്പോൾ നൽകാനുദ്ദേശിക്കുന്നത്. ചെയർ രൂപീകരിച്ച കമ്മിറ്റിയുടെ അന്വേഷണ പരിധി വളരെ പരിമിതമാണ്. ചെയറിനെ സംബന്ധിച്ചിടത്തോളം അങ്ങനെ ഒരു ബുള്ളറ്റിനിൽ ആ വിവരം വ്യക്തമാക്കാനുള്ള സാഹചര്യം ഞാൻ പറയാം. ശ്രീ.കെ.ചന്ദ്രശേഖരൻ തന്റെ പ്രസംഗത്തിൽ പറഞ്ഞു, "ഞാൻ ഈ ഫയൽ അങ്ങയുടെ അടുത്തു തരികയാണ്. എനിക്ക് അങ്ങയോട് ഒരു റിക്വസ്റ്റ് മാത്രമേയുള്ളൂ. അങ്ങ് ഈ ഫയൽ മുഴുവൻ നോക്കിയിട്ട് ഇതിൽ എന്തെങ്കിലും അപാകതയുണ്ടെങ്കിൽ ആ അപാകതയുള്ള കാര്യം സഭയിൽ പറയണം. അല്ലെങ്കിൽ ഒരു നിയമസഭാ കമ്മിറ്റി കോൺസ്റ്റിറ്റ്യൂട്ട് ചെയ്യണം. ആ നിയമസഭാ കമ്മിറ്റി ഫയൽ നോക്കണം. ഈ നിയമസഭാ കമ്മിറ്റിയെന്ത് പറയുന്നുണ്ടെങ്കിലും അത് സ്വീകരിക്കാൻ ഞാൻ തയ്യാറാണ്. അതുമല്ലെങ്കിൽ ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയോട് ഗവൺമെന്റ് അപേക്ഷിക്കാൻ തയ്യാറാണ്. ഈ ഫയൽ ഏതെങ്കിലും സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് പരിശോധിച്ചുകൊണ്ട് തെറ്റുണ്ടെങ്കിൽ അതിന് മാപ്പ് പറയാനും വേണ്ടത് ചെയ്യാനും ഞാൻ തയ്യാറാണ്".

This was the Ministers' unusual offer. The offer was accepted. ശ്രീ.കരുണാകരൻ പറഞ്ഞു, "അങ്ങ് പരിശോധിച്ച് ഇതിൻമേൽ ഒരു തീരുമാനം അനൗൺസ് ചെയ്യുന്നതല്ല ഉചിതം. നിയമസഭാ കമ്മിറ്റി പരിശോധിക്കുന്നതാണ് ഉചിതം" എന്ന്. അത് ചെയ്യണമെന്നാണ് അദ്ദേഹം പറഞ്ഞത്. ഒടുവിൽ ശ്രീ.കരുണാകരൻ പറഞ്ഞു, "അസംബ്ലി കമ്മിറ്റിയെ നിയമിക്കുന്ന കാര്യം തീരുമാനമായ സ്ഥിതിക്ക് ഇതെല്ലാം

LIBRARY ARCHIVES Kerala Legislative Assembly

കമ്മിററി പരിശോധിച്ചാൽ മതിയാകും'' എന്ന്. അതായത് ബന്ധപ്പെട്ട കടലാസ് കമ്മിററി പരിശോധിച്ചാൽ മതിയാകുമെന്ന് ശ്രീ. കരുണാകരൻ വ്യക്തമാക്കി. ഇതിന്റെ അടിസ്ഥാനത്തിലാണ് ഫയൽ പരിശോധിക്കാനുള്ള ഒരു കമ്മിററിയെ ചെയർ കോൺസ്ററിററ്യൂട്ട് ചെയ്തത്. ലോകസഭയുടെ മുന്നിലുള്ള ബോഫോഴ്സ് ഡീൽ അന്വേഷണവും ഈ ഫയൽ പരിശോധനയും തമ്മിൽ യാതൊരു ബന്ധവുമില്ല. ഒരു അന്വേഷണമാണ് ഉദ്ദേശിച്ചിരുന്നതെങ്കിൽ സാധാരണഗതിയിൽ സഭാനേതാവ് ഒരു പ്രമേയംമൂലം ഒരു കമ്മിററിയെ കോൺസ്ററിററ്യൂട്ട് ചെയ്യുകയും ആ കമ്മിററിയുടെ ടേംസ് ഓഫ് റഫറൻസ് വിശദമായി തീരുമാനിക്കുകയും വേണ്ടിയിരുന്നു. ഇവിടെ അതല്ല ഉണ്ടായത്. സ്പീക്കറിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം ഉപയോഗിച്ച് Inherent Powers ഉപയോഗിച്ച്, പിന്നെ സ്പെഷ്യൽ പ്രൊവിഷനുമുപയോഗിച്ച് ഒരു കമ്മിററിയെ ഈ ഫയൽ പരിശോധനയ്ക്ക് വേണ്ടി നോമിനേററ് ചെയ്യുകയാണുണ്ടായത്. ആ കമ്മിററിയെ നോമിനേററ് ചെയ്യാനുള്ള അധികാരം, സ്പീക്കർക്കുമുണ്ട്. അതുപയോഗിച്ച് മാത്രമാണ് ചെയ്തിട്ടുള്ളത്. പ്രതിപക്ഷനേതാവിനെ ആ കമ്മിററിയിൽ ഉൾപ്പെടുത്താതിരുന്നത് അദ്ദേഹം ഈ സഭയിലെ പ്രത്യേകമായ ആദരവ് അർഹിക്കുന്ന ഒരു വ്യക്തിയെന്ന നിലയിലാണ്. മാത്രമല്ല ആ കമ്മിററിയുടെ റിപ്പോർട്ടിൻമേൽ സ്വതന്ത്രമായ ഒരഭിപ്രായം പറയാൻ പ്രതിപക്ഷനേതാവിനുള്ള അവസരം ഇല്ലാതാക്കേണ്ട എന്ന ഉദ്ദേശത്തോടുകൂടിയാണ് പ്രതിപക്ഷനേതാവിനെ ഉൾപ്പെടുത്താതെ ഉപനേതാവിനെ ആ കമ്മിററിയിൽ ഉൾപ്പെടുത്തിയത്. ഈ നിലയിലാണ് കമ്മിററി രൂപീകരിച്ചത്. ഈ കമ്മിററിയുടെ ഘടനയെ സംബന്ധിച്ച് ശ്രീ. വയലാർ രവി ഉന്നയിച്ചിരിക്കുന്ന സംശയങ്ങൾ പ്രസക്തമല്ല. There is nothing in common between the Bofors Deal enquiry Committee and this Committee മാത്രമല്ല, ഈ കമ്മിററിയെ സംബന്ധിച്ചിടത്തോളം പ്രതിപക്ഷത്തുനിന്ന് യാതൊരു ആവശ്യവും ഉയർന്നുവന്നില്ല. ബഹുമാനപ്പെട്ട മന്ത്രി ഒരു ഓഫർ ഉന്നയിച്ചു. ആ ഓഫർ പ്രതിപക്ഷനേതാവ് സ്വീകരിച്ചു. സഭാനേതാവിനോടുപോലും ആലോചിക്കാതെ ഞാൻ അത് സമ്മതിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ഒരു കമ്മിററി കോൺസ്ററിററ്യൂട്ട് ചെയ്യുകയാണ് ചെയ്തത്. ആ കമ്മിററിയുടെ ഉദ്ദേശം പൂർണ്ണമായും ഫയൽ പരിശോധിക്കുകയെന്നുള്ളതാണ്. അതിനെ സംബന്ധിച്ച് ഒരു പരസ്യ പ്രസ്താവന ചെയ്തത് വളരെ അനുചിതമായിപ്പോയി. ഗുരുതരമായ പ്രശ്നങ്ങളിലേയ്ക്ക് അത് വിരൽ ചൂണ്ടിക്കുകയാണ് ചെയ്യുന്നത്. അതിലേയ്ക്ക് ഇപ്പോൾ ഞാൻ കടക്കുന്നില്ല. അതിനെ സംബന്ധിച്ച് പ്രതിപക്ഷനേതാക്കൻമാർ പ്രസ്താവന നടത്തിയത് ഗുരുതരമായിപ്പോയി.

രണ്ടാമത്തെ സംഗതി 30–6–87–ൽ ഇറക്കിയ നിയമസഭാ ബുള്ളററിനെ സംബന്ധിച്ചാണ്. ഈ ബുള്ളററിൻ അന്നുതന്നെ തയ്യാറാക്കിയിരുന്നതാണ്. പക്ഷേ ഒരു കമ്മ്യൂണിക്കേഷൻ ഗ്യാപ്പ് വന്നതുകൊണ്ട് അത് പ്രസിദ്ധീകരിക്കാൻ താമസിച്ചുപോയിയെന്നത് ഒരു വസ്തുതയാണ്. എന്തായാലും നിയമസഭാ ബുള്ളററിൻ പ്രസിദ്ധീകരിക്കുന്നതിനെക്കുറിച്ച് ചില നടപടിക്രമങ്ങൾ പറയാനുണ്ട്. നിയമസഭാ ബുള്ളററിൻ പ്രസിദ്ധീകരിക്കുമ്പോൾ നിയമസഭയിൽ നടക്കുന്നതെല്ലാം വിശദമായി ചേർക്കണമെന്നില്ല. അത് സ്പീക്കറുടെ വിവേചന അധികാരത്തിൽപെട്ട കാര്യം. അതിനും പുറമേ ശ്രീ.കെ.സി. ജോസഫാണ് ഈ പ്രശ്നം ഒരു പോയിന്റ് ഓഫ് ഓർഡർ വഴി എഴുതിതന്നത്.

LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ ഒരു കാര്യംകൂടി വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അന്ന് നടന്ന നിർഭാഗ്യകരമായ സംഭവങ്ങളെക്കുറിച്ച് ചെയറിന്റെ അഭിപ്രായം വ്യക്തമാക്കിയിരുന്നത് വേറൊരുകാര്യം. എന്നാൽ നിയമസഭാ ബുള്ളറ്റിനിൽ ചേർക്കേണ്ടത് സഭാനടപടി ക്രമങ്ങളുടെ ഭാഗം മാത്രമാണ്. അത് ചെയർ സഭാനടപടികൾ നിർത്തിവച്ച് പ്രഖ്യാപനം നടത്തിപ്പോയതിനുശേഷം എന്തെങ്കിലും സംഭവം സഭയിലുണ്ടായിട്ടുണ്ടെങ്കിൽ അതൊന്നും നിയമസഭാനടപടി ക്രമങ്ങളുടെ ഭാഗമായി വരികയില്ല. അതുകൊണ്ട് ഈ കാര്യത്തിൽ തിരുത്തേണ്ട യാതൊരു കാര്യവുമില്ല. നിയമസഭയുടെ പ്രെമിസ്സസിൽ പലതും നടക്കും, നിയമസഭാ ഹാളിൽ പലതും നടക്കും. അതെല്ലാം നിയമസഭ നടപടികൾ നിറുത്തി വച്ചിരുന്ന സമയത്ത് നടക്കുന്ന സംഭവങ്ങളാണെങ്കിൽ it does not become the part and parcel of the proceedings of the House. ആ കാരണത്താലാണ് അവർ പറയുന്ന എന്തെങ്കിലും സംഭവങ്ങൾ പിന്നീട് ഉണ്ടായെങ്കിൽ, ചെയർ നിയമസഭാ നടപടികൾ താൽക്കാലികമായി നിർത്തിവച്ചതിനുശേഷമുണ്ടായിട്ടുള്ള സംഭവങ്ങൾ ഒരു കാരണവശാലും നിയമസഭയുടെ പ്രൊസീഡിംഗ്സിന്റെ ഭാഗമായി തീരുന്നില്ല. അത് ചേർക്കാൻ നിയമം അനുവദിക്കുന്നില്ല. ആ കാരണത്താലാണ് അത് ചേർക്കാതിരുന്നതെന്നുള്ള കാര്യം സഭാംഗങ്ങളുടെ അറിവിലേയ്ക്കായി ഞാൻ വ്യക്തമാക്കുകയാണ്. അതുകൊണ്ട് ശ്രീ. കെ. സി. ജോസഫ് ഉന്നയിച്ച പോയിന്റ് ഓഫ് ഓർഡറിന് പ്രസക്തി ചെയർ റൂൾ ചെയ്യുകയാണ്. മൂന്നാമതായി മറ്റൊരു കാര്യം സഭയെ അറിയിക്കുവാനുള്ളത് ഇന്ന് പാസ് വാങ്ങി മൂസാ മാസ്റ്റർ എന്ന ഒരാൾ സഭയുടെ ഗ്യാലറിയിൽ ഹാജരായിരുന്നു. ഗൾഫിൽനിന്ന് വന്നിട്ട് മൂന്ന് ദിവസം കഴിഞ്ഞ ഒരു മാസ്റ്ററാണ് അദ്ദേഹം. അദ്ദേഹത്തെ ചെയറിന്റെ മുൻപാകെ ഹാജരാക്കുകയുണ്ടായി. ആ സമയം സഭാനേതാവും പ്രതിപക്ഷത്തുനിന്ന് ശ്രീ. പി. ജെ. ജോസഫും ഹാജരുണ്ടായിരുന്നു. അയാൾക്ക് യാതൊരു നടപടിക്രമങ്ങളും അറിയില്ല. അദ്ദേഹം വളരെക്കാലമായി ഇൻഡ്യയ്ക്ക് പുറത്തായിരുന്നു. രണ്ടുമൂന്ന് ദിവസങ്ങൾക്ക് മുൻപ് മാത്രം ഗൾഫിൽനിന്ന് വന്ന ഒരാൾ കൈയ്യടിച്ച് ഒരു ശബ്ദമുണ്ടാക്കിയെന്ന നിലയിൽ അദ്ദേഹം മാപ്പ് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ, അറിവില്ലായ്മകൊണ്ട് സംഭവിച്ചതാണെന്ന് ബോദ്ധ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ, വാണിംഗ് കൊടുത്ത് അദ്ദേഹത്തെ വിടുകയുണ്ടായി.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30–ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1987 ജൂലൈ മാസം 28–ാം തീയതി രാവിലെ 8.30–ന് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ ഉച്ചയ്ക്കുശേഷം 2.20–ന് പിരിഞ്ഞു).

LIBRARY ARCHIVES Kerala Legislative Assembly